ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ഇപ്പോൾ ഈ സംസ്ഥാനത്തു് ആകെ എത്ര ബേസിക് സ്കൂളുകൾ ഉണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടു്.

ശ്രീ. പി. കെ. ചാത്തൻ: എല്ലാ അദ്ധ്യാപകന്മാർക്കും ഈ ട്രെയിനിംഗ് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാണു് ഉദ്ദേശം.

ശ്രീ. പി. കെ. ചാത്തൻ: ഈ ട്രെയിനിംഗ് കഴിച്ചവർക്കു പ്രത്യേക ആനുകൂല്യവും മെച്ചവും ഇല്ലെങ്കിൽ പിന്നെ എന്താണു് ഈ പരിശീലനം നടത്തുന്നതിന്റെ ഉദ്ദേശം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവരുടെ ജീവിതത്തിനു മെച്ചം വരുവാനല്ല, വിദ്യാഭ്യാസസംപ്രദായത്തിനു് ഒരു വ്യത്യാസം വരുത്തുന്നതിനുവേണ്ടിയാണു് ഈ പരിശീലനം നൽകുന്നതു്.

ശ്രീ. പി. കെ. ചാത്തൻ: ഈ പരിശീലനം കഴിച്ചു അദ്ധ്യാപകന്മാരെ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും നിയമിക്കുന്നതു നിമിത്തം അവർക്കു ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെപ്പറ്റി നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവരവരുടെ സ്വന്തസ്ഥലം വിട്ടു ജോലി കിട്ടുമ്പോൾ ആർക്കും കുറേ ബുദ്ധിമുട്ടുണ്ടാകും.

ശ്രീ. പി. കെ. ചാത്തൻ: കഴിയുന്നിടത്തോളം അവരവരുടെ സ്ഥലങ്ങളിൽതന്നെ അവർക്കു ഉദ്യോഗം കൊടുക്കാൻ ശ്രമിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാണു ഗവണ്മെന്റിന്റെ നയം.

ശ്രീ. ടി. കെ. ദിവാകരൻ: ബേസിക് ട്രെയിനിംഗ് കൊടുക്കുന്നതു സ്വന്തനിലയിൽ ആണോ, ഗവണ്മെന്റു നിർബന്ധമായി കൊടുക്കുകയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിർബന്ധമായി കൊടുക്കുന്നതല്ല, അവരുടെ സമ്മതത്തോടുകൂടിയാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ സ്കീം പ്രൈവറ്റ് സെക്ടറിനും വ്യാപിപ്പിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

കൃഷിക്കാർക്കുള്ള ആനുകൂല്യങ്ങൾ.

* 342. [40] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കൃഷിക്കാരെ സഹായിക്കുന്നതിനായി ഈ ഗവണ്മെന്റ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു്;

(ബി) കർഷകർക്കു ലഭിച്ച ആനുകൂല്യങ്ങൾ എന്തു്?

ശ്രീ. ടി. പി. സീതാരാമൻ: സർ, ഈ ചോദ്യത്തിലെ (ബി) യ്ക്കുള്ള ഉത്തരം മാത്രം ലഭിച്ചാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : ഗവണ്മെൻറിൽ നിന്നും മരച്ചീനി എടുക്കുന്നതിന്റെ ഫലമായി മാർക്കറ്റിൽ മരച്ചീനിക്കു വില കൂടുകയും, കർഷകർക്കു് അല്പം ആശ്വാസം ലഭിക്കുകയും ചെയ്തു. മരച്ചീനികൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടിയുള്ള ദീർഘകാലപദ്ധതി പൂർത്തിയാകുമ്പോൾ കൂടുതൽ ആനുകൂല്യം കൃഷിക്കാർക്കു പ്രതീക്ഷിക്കാവുന്നതാണു്.

ശ്രീ. ടി. കെ. ദിവാകരൻ : ഗവണ്മെൻറ് മൊത്തം എത്ര രൂപ ഇതിലേയ്ക്കുവേണ്ടി ചെലവു ചെയ്തു ?

ശ്രീ. എ. ജെ. ജാൺ: അതു കഴിഞ്ഞ ദിവസവും ഇവിടെ പ്രസ്താവിച്ചു.

വിദ്യാർത്ഥികളുടെ കായിക വിനോദ പ്രോത്സാഹനം.

* 343. [41] ശ്രീ. ടി. പി. സീതാരാമൻ : തഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) പള്ളിക്കൂടങ്ങളിൽ വിദ്യാർത്ഥികൾക്കു് കായികവിനോദ പ്രോത്സാഹനത്തിനായി പ്രത്യേകമായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പള്ളിക്കൂടങ്ങൾക്കു പുറമേ എത്ര സ്ഥാപനങ്ങൾക്കു് സ്പോർട്ട്സിന്റെ പ്രോത്സാഹനത്തിനായി ഗ്രാൻറ് നൽകിവരുന്നു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇപ്പോൾ പള്ളിക്കൂടങ്ങളിൽ എൻ. സി. സി., എ. സി. സി. Scouting, cubbing എന്നീ യൂണിറ്റുകൾ പ്രവർത്തനം നടത്തുന്നുണ്ടു്. സ്പോർട്ട്സുകൾ മിക്കവാറും എല്ലാ പള്ളിക്കൂടങ്ങളിലും നടത്തുന്നുണ്ടു്. തിരുവിതാംകൂർ–കൊച്ചി അത്ലറ്റിക്കു് അസോസ്യേഷൻ, ഇൻറർസ്കൂൾ സ്പോർട്ട്സു് കൊല്ലംതോറും നടത്തുകയും വിജയികൾക്കു് സമ്മാനദാനം നൽകുകയും ചെയ്യുന്നുണ്ടു്. സ്കൂൾ യൂത്തു് വെൽഫെയർ കമ്മിറ്റി ഉണ്ടാക്കുന്ന കാര്യം ആലോചനയിലിരിക്കുകയാണു്.

(ബി) തിരുവിതാംകൂർ–കൊച്ചി അത്ലറ്റിക്കു് അസോസ്യേഷനു് 5000 രൂപയും, തിരുവിതാംകൂർ–കൊച്ചി ഒളിമ്പിക്കു് അസോസ്യേഷനു് 4000 രൂപയും, തിരുവിതാംകൂർ–കൊച്ചി ടേബിൾ ടെന്നീസ് അസോസ്യേഷനു് 1500 രൂപയും, ഫുട്ബാൾ വോളിബാൾ ചാമ്പ്യൻഷിപ്പിനു 2500 രൂപയും ഗ്രാൻറ് അനുവദിച്ചിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു : ഗവണ്മെൻറ് സ്കൂളുകളോടു അനുബന്ധിച്ചുകളിസ്ഥലങ്ങൾ നിർബ്ബന്ധമാക്കാത്തതു സ്പോർട്ട്സിൽ ഗവണ്മെൻറിനുള്ള ഉദാസീനമനോഭാവം കൊണ്ടാണോ ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ : ഉദാസീനമനോഭാവം കൊണ്ടല്ല. വളരെയേറെ സ്കൂളുകൾ ഇപ്പോൾ വർദ്ധിച്ചിട്ടുണ്ടു്. ഓരോ സ്കൂളുകളോടും അനുബന്ധിച്ചു കളിസ്ഥലങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിൽ സ്ഥലം കിട്ടാൻ വിഷമമുണ്ടായിട്ടുണ്ടു്; വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിന്റെ റഗുലേഷൻ അനുസരിച്ചുള്ള നിലപോലും സ്ഥലം എടുക്കാൻ വിഷമമായിരിക്കുകയാണു്. സ്പോർട്ട്സിനോടുള്ള ഉദാസീനമനോഭാവം കൊണ്ടല്ല സ്ഥലസൗകര്യമില്ലാത്തതുകൊണ്ടു മാത്രമാണു്.